LIBRARY ARCHIVES Kerala Legislative Assembly

'പുകൃഷി വികസനം'

74 [3352] ശ്രീ. ഉമേഷ് ചള്ളിയിൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുകൃഷി വികസനത്തിന്റെ ഭാഗമായി പുഷ്പങ്ങളുടെ സംഭരണ വിപണനത്തിന് സർക്കാർ തലത്തിൽ പ്രാദേശിക ഏജൻസികൾ നിലവിലുണ്ടോ;

(ബി) ഉണ്ടെങ്കിൽ വിശദാംശം ലഭ്യമാക്കുമോ;

(സി) ഇല്ലെങ്കിൽ പൂകർഷകരുടെ താല്പര്യങ്ങൾ സംരക്ഷിക്കുന്നതിന് ബ്ലോക്കു തലത്തിൽ ഇത്തരം സംവിധാനമൊരുക്കാൻ സർക്കാർ നടപടി സ്വീകരിക്കുമോ;

(ഡി) പ്രാദേശിക തലത്തിൽ നിലവിലുള്ള സഹകരണ വിപണന കേന്ദ്രങ്ങൾക്ക് സർക്കാർ സഹായം ലഭ്യമാക്കുമോ?

ഉത്തരം

(എ, ബി) സർക്കാർ തലത്തിൽ പ്രാദേശിക ഏജൻസികൾ നിലവിലില്ല.

(സി, ഡി) പരിശോധിക്കുന്നതാണ്.

പച്ചക്കറി കൃഷി വികസിപ്പിക്കുന്നതിനായി പദ്ധതി

75 [3353] ശ്രീ. എ. എ. അസീസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പച്ചക്കറി കൃഷി വികസിപ്പിക്കുന്നതിനായി എന്തെങ്കിലും പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ;

(ബി) മുൻസർക്കാർ ആവിഷ്കരിച്ച പദ്ധതികൾ നടപ്പിലാക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്തെ പച്ചക്കറി ഉല്പാദനത്തിൽ സ്വയം പര്യാപ്തമാക്കുക എന്ന ലക്ഷ്യത്തോടെ 1997-ൽ ആരംഭിച്ച ഊർജ്ജിത പച്ചക്കറി വികസന പദ്ധതി കാലോചിതമായ മാറ്റങ്ങളോടെ നടപ്പിലാക്കിവരുന്നുണ്ട്. 2002-2003-ൽ 815 ഹെക്ടർ സ്ഥലത്ത് 750 ഹരിത സംഘങ്ങൾ രൂപീകരിച്ചുകൊണ്ട് വാണിജ്യാടിസ്ഥാനത്തിൽ പച്ചക്കറികൃഷി വ്യാപിക്കൽ, പച്ചക്കറി കൃഷി പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി സന്നദ്ധ സംഘടനകൾ, റസിഡന്റ് അസോസിയേഷനുകൾ തുടങ്ങിയവ വഴി കിറ്റുകളുടെ വിതരണം, ഹരിത സംഘങ്ങൾക്ക് പച്ചക്കറി വിപണന സൗകര്യം വർദ്ധിപ്പിക്കുന്നതിനുള്ള പരിപാടികൾ തുടങ്ങിയവ നടപ്പാക്കി. കൂടാതെ കേന്ദ്ര പദ്ധതി മുഖേന തിരഞ്ഞെടുത്ത ഫാമുകളിൽ വിത്തുല്പാദനം, ഇടുക്കി, വയനാട് ജില്ലകളിൽ 10 ഹെക്ടർ സ്ഥലത്ത് ജൈവകൃഷിയും 1231 ഹെക്ടറിൽ പരമ്പരാഗത ശീതകാല പച്ചക്കറി കൃഷി എന്നിവയും നടപ്പാക്കി. നടപ്പുസാമ്പത്തിക വർഷത്തിൽ 1250 ഹെക്ടർ സ്ഥലത്ത് ഹരിത സംഘങ്ങൾ മുഖേന പച്ചക്കറി വ്യാപിക്കൽ, 500 തെരഞ്ഞെടുത്ത വിദ്യാലയങ്ങളിൽ പച്ചക്കറി കൃഷി പ്രോത്സാഹിപ്പിക്കൽ, 1.11 ലക്ഷം വിത്തുകിറ്റുകളുടെ വിതരണം, ഇടുക്കി,